നം. 239/ഇ 1/2022/ഐകെഎം

**ഇൻഫർമേഷൻ കേരള മിഷൻ**
**ടി.സി.25/3264 (1), സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ**
**തിരുവനന്തപുരം – 695 003**
**എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടി ക്രമം**
**സാന്നിദ്ധ്യം: കെ പ്രേംകുമാർ**

**സംഗ്രഹം**

ഇൻഫർമേഷൻ കേരള മിഷൻ – cmo.kerala.gov.in വെബ് പോർട്ടൽ മുഖേന ബഹു. മുഖ്യമന്ത്രിക്ക് ലഭിക്കുന്ന ഓൺലൈൻ പരാതികൾ / അപേക്ഷകൾ നിരീക്ഷിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

**ഹ്യൂമൻ റിസോഴ്സ് (എസ്റ്റാബ്ലിഷ്മെന്റ്) ഡിവിഷൻ**

**നം. 74/ഇ 1/2022 ഐകെഎം** **തീയതി. 04.02.2022**

**ഉത്തരവ്**

സൂചന:– 17.12.2018 തീയതിയിലെ 3238/ഇ 1/2018/ഐ.കെ.എം നമ്പർ ഉത്തരവ്

**ഉത്തരവ്**

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനം മുഖേന ഓൺലൈനായി അയച്ചുതരുന്ന പരാതികളിന്മേൽ / അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന നടപടി അവലോകനം / നിരീക്ഷണം ചെയ്യുന്നതിന് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായി നിയമിച്ച് ഉത്തരവാകുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ cmo.kerala.gov.in വെബ് പോർട്ടൽ മുഖേന ലഭിക്കുന്ന പരാതികൾ / അപേക്ഷകൾ നിരന്തരം നിരീക്ഷിച്ച് യഥാസമയം നടപടി സ്വീകരിക്കേണ്ടതും. പ്രതിമാസ അവലോകന റിപ്പോർട്ട് മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സെല്ലിലേക്ക് ലഭ്യമാക്കേണ്ടതുമാണ്. പ്രസ്തുത നടപടികൾ സ്വീകരിക്കുന്നതിനായി നോഡൽ ഓഫീസറെ അസിസ്റ്റ് ചെയ്യുന്നതിന് എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിലെ ഇ 4 സീറ്റിന് ചുമതല നൽകിയും ഉത്തരവാകുന്നു. നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ താഴെപ്പറയുന്ന പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ എല്ലാ മാസവും റിവ്യൂ നടത്തി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്.

1. എല്ലാ പരാതികളും വായിച്ചു നോക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
2. പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
3. പോർട്ടലിൽ അയച്ചുതരുന്ന പരാതികളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച ഒരു പ്രതിമാസ അവലോകന റിപ്പോർട്ട് വകുപ്പ് / ഓഫീസ് മേധാവിയുടെ അനുമതിയോടുകൂടി priority.cmo.kerala.gov.in എന്ന ഇ–മെയിലിൽ ലഭ്യമാക്കുക.

**കെ. പ്രേംകുമാർ**
**എക്സിക്യൂട്ടീവ് ഡയറക്ടർ**

കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഇ 4, എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം

പകർപ്പ്
വെബ്സൈറ്റ്
എക്സിക്യൂട്ടീവ് ഡയറക്ടറുടെ സി എ